# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*3 28.05.2019 -ൽ മറുപടിക്ക്

## പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ.കെ.എൻ.എ ഖാദർ
ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ.കെ.എം.ഷാജി
ശ്രീ.അബ്ദുൽ ഹമീദ് പി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം 100 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും, ചരിത്രപരമായോ, പുരാവസ്തു ശാസ്ത്രപരമായോ വാസ്തുശില്പപരമായോ പ്രാധാന്യമുള്ള സ്മാരകങ്ങളെയാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത്.<br>പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ സ്മാരകം പരിശോധിച്ച് പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതാണെന്ന് ബോദ്ധ്യപ്പെട്ടാൽ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാൻ വകുപ്പ് തീരുമാനിക്കുന്നു. ആയതിലേക്ക് സ്മാരകത്തിന്റെ റവന്യൂ വിശദവിവരം അതാത് ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിക്കുകയും ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം സർക്കാർ പ്രസിദ്ധപ്പെടുത്തി 2 മാസത്തിനുള്ളിൽ വിജ്ഞാപനത്തിന്മേൽ ഉന്നയിക്കപ്പെടുന്ന ഏതൊരാക്ഷേപവും സർക്കാർ തലത്തിൽ ഹിയറിംഗ് നടത്തി തീർപ്പാക്കുന്നതും തുടർന്ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ്. സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ ടി സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തികൾ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്നതാണ്. നിലവിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള അത്തരം 183 സംരക്ഷിത സ്മാരകങ്ങൾ കേരളത്തിൽ നിലവിലുണ്ട്. ഇവയിൽ 141 സ്മാരകങ്ങൾ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളവയാണ്. |

| | | | |
|---|---|---|---|
| | | | നിർമ്മിതിയുടെ പൈതൃകപരമായ സവിശേഷതകൾ, സാംസ്കാരിക മേഖലയിലെ പ്രാധാന്യം, നിർമ്മാണ രീതിയിലെ പ്രത്യേകതകൾ എന്നിവ കണക്കിലെടുത്ത് ഇത്തരം നിർമ്മിതികളെ അതിന്റെ തനതു ഭാവത്തിൽ നിലനിർത്തുവാനുള്ള പ്രവർത്തനങ്ങൾ പുരാവസ്തുവകുപ്പ് കൈക്കൊള്ളുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8 പൈതൃക നിർമ്മിതികളെ കേരള സംസ്ഥാന പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. 4 സ്മാരകങ്ങളുടെ പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമായ നിർമ്മിതികളിൽ പുരാവസ്തു വകുപ്പ് സംരക്ഷിത പ്രവർത്തനങ്ങളും നിർവ്വഹിച്ചു വരുന്നു. |
| (ബി) | സംരക്ഷണത്തിന്റെയും അറ്റകുറ്റപ്പണികളുടെയും മറവിൽ പുരാതന നിർമ്മാണ സാമഗ്രികളായ ചുണ്ണാമ്പും സുർക്കിയും ഉൾപ്പെടെയുള്ള വസ്തുക്കൾ ഉപയോഗിച്ചു നിർമ്മിച്ച പൈതൃക മന്ദിരങ്ങൾ പൊളിച്ചു പണിയാൻ ശ്രമിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംരക്ഷണത്തിന്റേയും അറ്റകുറ്റപ്പണികളുടേയും മറവിൽ പുരാതന നിർമ്മാണ സാമഗ്രികളായ ചുണ്ണാമ്പും, സുർക്കിയും ഉൾപ്പെടെയുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച ചില പൈതൃക മന്ദിരങ്ങൾ പൊളിച്ചുപണിയാൻ ശ്രമിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പൈതൃക മന്ദിരങ്ങൾ ഇത്തരത്തിൽ പൊളിച്ചുമാറ്റാൻ ശ്രമിച്ചത് പുരാവസ്തു വകുപ്പ് ഇടപെട്ട് നിർത്തി വയ്പ്പിച്ചിട്ടുമുണ്ട്. ആറ്റിങ്ങൽ കൊട്ടാരം, ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളി, ഗവ.ബോയ്സ് ഹൈസ്കൂൾ നെയ്യാറ്റിൻകര, ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന ചർച്ച് നടശാല, ശക്തൻ തമ്പുരാന്റെ ജന്മഗൃഹമായ ആലുവ വെള്ളാരിപ്പള്ളി കോവിലകം മുതലായ നിർമ്മിതികൾ ഇത്തരത്തിൽ പൊളിച്ചുകളയാൻ ശ്രമിക്കുകയും വകുപ്പ് അപ്പോൾ തന്നെ ഇടപെട്ട് പ്രവൃത്തികൾ നിർത്തി വയ്പ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്താനും തുടർനടപടി സ്വീകരിക്കുവാനും എന്ത് സംവിധാനമാണ് വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ? | (സി) | ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽ പെട്ടാൽ യഥാസമയം ഇടപെടാൻ വകുപ്പ് ശ്രദ്ധിച്ചു വരുന്നുണ്ട്. സംരക്ഷണത്തിന്റേയും അറ്റകുറ്റപ്പണികളുടേയും പേരിൽ ചില പൈതൃക നിർമ്മിതികളിൽ ചുണ്ണാമ്പ്, സുർക്കി മിശ്രിതത്തിന്റെ ബദലായി സിമന്റ് ഉപയോഗിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ശുദ്ധമായ ആറ്റുമണലിന്റെ ലഭ്യതക്കുറവും, വിദഗ്ധ തൊഴിലാളികളുടെ അഭാവവും പ്രവർത്തി പൂർത്തിയാക്കാനുള്ള സമയദൈർഘ്യവുമൊക്കെ സിമന്റും മറ്റും ഉപയോഗിക്കുന്നതിന് കാരണമാകുന്നുണ്ട്. ചില |

| | | | |
|---|---|---|---|
| | | | പൈതൃക മന്ദിരങ്ങൾ ഇത്തരത്തിൽ പൊളിച്ചുമാറ്റാൻ ശ്രമിച്ചത് പുരാവസ്തുവകുപ്പ് ഇടപെട്ട് നിർത്തിവയ്പ്പിച്ചിട്ടുണ്ട്. അത്തരം നിർമ്മിതികളുടെ ഉടമസ്ഥരെ പൈതൃക നിർമ്മിതികളുടെ പ്രാധാന്യത്തെപ്പറ്റിയും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ബോധ്യപ്പെടുത്തുവാനും പുരാവസ്തു വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ പൈതൃക നിർമ്മിതികളുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്താനുള്ള നടപടികൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിലെ കൺസർവേഷൻ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ വിഭാഗം ഇത്തരം പരിശോധനകൾക്ക് നേതൃത്വം നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**